(സി) ഇതിന്റെ ഉൽഘാടന ചടങ്ങിൽ പങ്കെടുത്ത ജനപ്രതിനിധികൾ ആരെല്ലാമാണ് ;

(ഡി) ഈ സ്ഥാപനംവഴി ഇതുവരെ പഞ്ചായത്തിനോ സർക്കാരിനോ എന്തു വരുമാനം ലഭിച്ചു ;

(ഇ) ഇതിന്റെ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തിപ്പിക്കുവാൻ താമസിയാതെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫിഷ് ലാന്റിംഗ് സെന്ററിന്റെ നടത്തിപ്പിനും സൂക്ഷിപ്പിനുമായി ടി സ്ഥാപനം ഗ്രാമപഞ്ചായത്തിന് കൈമാറി. 2001 മാർച്ചുവരെയുള്ള നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്ത് ലേലം ചെയ്ത് കൊടുക്കുകയും ചെയ്തു.

(ബി) 4,72,399 രൂപ.

(സി) 1. ശ്രീ. ടി.കെ. രാമകൃഷ്ണൻ (ഫിഷറീസ് വകുപ്പുമന്ത്രി)
2. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)
3. ശ്രീ. ജി. സുധാകരൻ എം. എൽ. എ.
4. ജില്ല/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ.
5. ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ.
6. ശ്രീ. കെ. എച്ച്. ബാബുജാൻ (ജില്ലാ പഞ്ചായത്ത് അംഗം)
7. ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് മെമ്പർമാർ.

(ഡി) 1,795 രൂപ ലേലത്തുകയായി പഞ്ചായത്തിനു ലഭിച്ചു.

(ഇ) ഇല്ല.

(എഫ്) സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

വയനാട് ജില്ലയിൽ കഴിഞ്ഞ നാലുവർഷങ്ങളിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികൾ

82 (2107) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ നാലുവർഷങ്ങളിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ കഴിഞ്ഞ നാലുവർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിയിലും ചെലവഴിച്ച തുകയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

കേരള സാഹിത്യ അക്കാദമിയുടെ ഭരണസമിതി

83 (2108) ശ്രീ.എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാഹിത്യ അക്കാദമിയുടെ ഇപ്പോഴത്തെ ഭരണസമിതി എന്നാണ് നിലവിൽ വന്നത് ; ആരെല്ലാമായിരുന്നു അംഗങ്ങൾ ; ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം ;

(ബി) സാഹിത്യ അക്കാദമിയിലെ അംഗങ്ങൾക്ക് റ്റി.എ., ഡി.എ. യാത്രപ്പടി, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ഇതുവരെ എത്ര രൂപ നല്കിയിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്താമോ ;

(സി) സാഹിത്യ അക്കാദമിയിൽ അംഗങ്ങളായിട്ടുള്ള ആരെങ്കിലും സർക്കാരിന്റെ മറ്റേതെങ്കിലും സമിതിയിൽ അംഗങ്ങളാണോ ; വിശദവിവരം വെളിപ്പെടുത്താമോ ;

(ഡി) ഒന്നിൽകൂടുതൽ സമിതിയിൽ അംഗങ്ങളായിട്ടുള്ളവർ ഒരേ സമയം രണ്ടു സമിതികളിൽ നിന്നും റ്റി.എ.,ഡി.എ. യാത്രാപ്പടി എന്നിവ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-6-1998 ൽ നിലവിൽ വന്നു. അംഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി * ചേർക്കുന്നു.

(ബി) ഇതുവരെയായി 1,89,815 രൂപ (ഒരു ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി പതിനഞ്ച് രൂപ മാത്രം) ടി.എ.,ഡി.എ. ഇനത്തിൽ നല്കിയിട്ടുണ്ട്. വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സാഹിത്യ അക്കാദമിയിലെ ചുവടെ ചേർത്തിരിക്കുന്ന ഏഴ് അംഗങ്ങൾ അവരുടെ പേരുകൾക്ക് നേരെ ചേർത്തിട്ടുള്ള ഭരണ സമിതികളിൽ അംഗങ്ങളാണ്.

1. ശ്രീ. എസ്സുപ്പി നമ്പൂതിരി - കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി.
2. ശ്രീ. കെ.വി. തിക്കുറിശ്ശി - കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി.
3. ശ്രീ. പി.വി.കെ. പനയാൽ - കേരള സംഗീത നാടക അക്കാഡമി.
4. ശ്രീ. കെ.പി. മോഹനൻ - കേരള കലാമണ്ഡലം.
5. പ്രൊഫ. പ്രയാർ പ്രഭാകരൻ - കേരള ലളിതകലാ അക്കാഡമി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly